പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7490</u> <u>17.7.2012-ൽ മറുപടിയ്ക്ക്</u>

<u>ഗ്രാമങ്ങളിലെ ടെറസ്സ് കൃഷി വ്യാപനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ടെറസ്സ് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ സർക്കാരിനുള്ള പദ്ധതികളും ആയവയുടെ വിശദാംശവും അറിയിക്കുമോ; | (എ) ടെറസ്സ് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതിയിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (ആർ.കെ.വി.വൈ) സഹായത്തോടെ മട്ടുപ്പാവിൽ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. 25 ഗ്രോ ബാഗുകളിൽ പോട്ടിംഗ് മിശ്രിതം നിറച്ചു വീടുകളുടെ ടെറസ്സിൽ എത്തിച്ച് അതിൽ പച്ചക്കറി തൈകൾ/വിത്തുകൾ നട്ടു കൊടുക്കുന്നതാണ് പദ്ധതി. ഇതിനായി വീടൊന്നിന് 2000 രൂപ ചെലവ് വരുന്നു. ഇത്തരത്തിൽ 30,105 വീടുകളിൽ 2011-12 വർഷത്തിൽ ഗ്രോബാഗുകൾ നൽകിയിട്ടുണ്ട്. ഒരു യൂണിറ്റിന് 5000 രൂപ ചിലവ് കണക്കാക്കിയിരിക്കുന്ന പദ്ധതിയിൽ ഗ്രോ ബാഗും നടീൽ വസ്തുക്കളും ആയി 2000 രൂപ സർക്കാർ സഹായവും |

വിളയുടെ തുടർ പരിപാലനത്തിനും തുടർന്നുള്ള രണ്ടു സീസണിലുള്ള കൃഷിച്ചെലവും ചേർന്നുള്ള തുക ഗുണ ഭോക്തൃ വിഹിതവുമായാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വി.എഫ്.പി.സി.കെ. നഗരവാസികളിൽ പച്ചക്കറി കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും, വീടുകളിലെ ജൈവമാലിന്യങ്ങൾ വീടുകളിൽതന്നെ സംസ്ക്കരിച്ച് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഹരിത നഗരി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2012 - 13 സാമ്പ ത്തികവർഷം 2500 വീടുകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. കൃഷി വകു പ്പിൽ നിന്നും പദ്ധതി ലഭിക്കുന്നപക്ഷം വി.എഫ്.പി.സി.കെ കൂടുതൽ സ്ഥലങ്ങ ളിൽ നടപ്പിൽ വരുത്തുന്നതാണ്

(ബി) നഗരേതര മേഖലകളിൽ ടെറസ്സ് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് ഉള്ളത്;

(സി) ഇല്ലായെങ്കിൽ അത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) & (സി) നഗരേതര മേഖലകളിലുള്ള ഉപഭോക്താക്കളുടെ ആവശ്യാനുസ രണം ഹരിത നഗരി പദ്ധതിയിൽ ഉൾപ്പെടുത്തി ടെറസ്സ് കൃഷിയ്ക്കുള്ള സഹായം വി.എഫ്.പി.സി.കെ. ചെയ്തു കൊടുക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ